## Desabhimani
## 21 Sugust 2018
## Thiruvananthapuram; After Flood, Action Plan,Prevention of Diseases

# ആക്ഷൻ പ്ലാൻ തയ്യാർ: മന്ത്രി

**തിരുവനന്തപുരം**

പ്രളയജലം ഇറങ്ങുന്നതിനെ തുടർന്ന് ഉണ്ടാകാനിടയുള്ള പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിന് കർമപദ്ധതി തയ്യാറാക്കിയതായി ആരോഗ്യമന്ത്രി കെ കെ ശൈലജ. 30 ദിവസത്തേക്കുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്.

മൂന്ന് മേഖലകളായി തരംതിരിച്ചാണ് പ്രതിരോധനിയന്ത്രണം. വെള്ളപ്പൊക്കം ഏറ്റവും കൂടുതലായി ബാധിച്ച ജില്ലകൾ, കൂടുതലായി ബാധിച്ച ജില്ല, കുറവുള്ള ജില്ല എന്നിങ്ങനെയാണ് തിരിച്ചിരിക്കുന്നത്.

പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളാണ് ആദ്യമേഖലയിലുള്ളത്. കോഴിക്കോട്, കോട്ടയം, കണ്ണൂർ ജില്ലകൾ രണ്ടാമത്തെ വിഭാഗത്തിലും തിരുവനന്തപുരം, കൊല്ലം, കാസർകോട് ജില്ലകൾ മൂന്നാമത്തെ വിഭാഗത്തിലുമാണ്. ഇവയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേകം നോഡൽ ഓഫീസർമാരെയും നിയോഗിച്ചു.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൺട്രോൾ റൂമും കോൾ സെന്ററും ആരംഭിച്ചു. കൺട്രോൾ റൂം നമ്പർ- 18001231454.ക്യാമ്പുകളിലെ ആരോഗ്യപ്രശ്നങ്ങൾ, ജീവനക്കാരുടെ കുറവ്, മരുന്നുകളുടെ കുറവ് എന്നിവയുമായി ബന്ധപ്പെട്ട് കൺട്രോൾ റൂമിൽ അറിയിക്കാം. ഉടനടി നടപടിയുണ്ടാകും. ദുരിതം അനുഭവിക്കുന്ന സ്ഥലങ്ങളിലെ പൊതുജനങ്ങൾക്ക് ചികിത്സ, ആരോഗ്യകാര്യങ്ങൾക്ക് വിളിക്കാം. ഇതോടൊപ്പം എല്ലാ ജില്ലകളിലും കൺട്രോൾ റൂമും തുറന്നു.

തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യനിർമാർജനം ദ്രുതഗതിയിലാക്കും. ഇതിന് ആരോഗ്യവകുപ്പിലെ ജീവനക്കാരെ നിയോഗിച്ചു. ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ പ്രത്യേക മുൻകരുതലുകളെടുക്കുന്നതിനായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകി. ആശാവർക്കർമാരും സഹായിക്കും. ക്യാമ്പിലുള്ളവരുടെ ആരോഗ്യസ്ഥിതി നിരന്തരം നിരീക്ഷിക്കും. വലിയ ബുദ്ധിമുട്ടുണ്ടാകുന്നവരെ ഉടൻ ആശുപത്രികളിലെത്തിക്കും. പകർച്ചവ്യാധി ലക്ഷണം കണ്ടാൽ ഉടൻ റിപ്പോർട്ട് ചെയ്യണം. ഇവരെ മാറ്റി പ്രത്യേകം ചികിത്സ നൽകും. പ്രത്യേക മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കും.

മരുന്ന് ആവശ്യത്തിന് ശേഖരിച്ചിട്ടുണ്ട്. ദുരന്തബാധിത പഞ്ചായത്തുകളിൽ നിലവിലുള്ള പിഎച്ച്സികൾക്ക് ഒപ്പം പുതിയ താൽക്കാലിക പിഎച്ച്സിയും തുടങ്ങും. വാർഡ് സാനിറ്ററി കമ്മിറ്റിയും ആരോഗ്യരക്ഷാസേനയും പുനരുജ്ജീവിപ്പിക്കും. ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിക്കും. ശുദ്ധജലം ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വിഭാഗം ശ്രദ്ധിക്കണം. വീടുകളിലേക്ക് മടങ്ങുന്നവർക്ക് പാമ്പുകടിയേൽക്കാൻ സാധ്യതയുള്ളതിനാൽ താലൂക്കാശുപത്രിമുതൽ മുകളിലുള്ള ആശുപത്രികളിൽ ഇതിനുള്ള മരുന്ന് ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.